# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4329** **12-11-2019-ൽ മറുപടിക്ക്**

**സാഹസിക ടൂറിസം മേഖലയിലെ സുരക്ഷിതത്വ നിർദ്ദേശങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ടി.ജെ. വിനോദ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | സാഹസിക ടൂറിസം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന എല്ലാ സ്ഥാപനങ്ങളും ടൂറിസം വകുപ്പിൽ രജിസ്റ്റർ ചെയ്യണമെന്ന നിബന്ധന നിലവിലുണ്ടോ; | (എ) | സാഹസിക ടൂറിസം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന എല്ലാ സ്ഥാപനങ്ങളും ടൂറിസം വകുപ്പിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. എന്നാൽ അപകട രഹിത സാഹസിക ടൂറിസം നടപ്പിൽ വരുത്തുന്നതിനായി 14-10-2019-ലെ സഉ(കൈ) നം. 18/2019/ടൂറിസം പ്രകാരം "കേരള അഡ്വഞ്ചർ ആന്റ് ആക്ടിവിറ്റി ബെയ്സ്ഡ് ടൂറിസം സേഫ്റ്റി ആന്റ് സെക്യൂരിറ്റി ഗൈഡ് ലൈൻസ്" പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഗൈഡ് ലൈൻസിൽ രണ്ടാംഭാഗമായി സാഹസിക ടൂറിസം മേഖലയിലെ പ്രവർത്തനങ്ങൾക്ക് വേണ്ട രജിസ്ട്രേഷൻ സമ്പ്രദായം ആവിഷ്കരിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ ഓൺ ലൈൻ പ്ലാറ്റ് ഫോമിൽ ചെയ്യുന്നതിനായുള്ള സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന്റെ അവസാനഘട്ട പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്ത് സാഹസിക ടൂറിസം മേഖലയിൽ അപകടസാധ്യത | (ബി) | അപകടരഹിത സാഹസിക ടൂറിസം എന്നതാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. കേന്ദ്രടൂറിസം മന്ത്രാലയം പ്രസിദ്ധീകരിച്ചിട്ടുള്ള |

| | | | |
|---|---|---|---|
| | ഒഴിവാക്കുവാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്; | | "സാഹസിക ടൂറിസം മാർഗ നിർദ്ദേശങ്ങൾ" പാലിക്കുക എന്ന നിർദ്ദേശമാണ് ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് നൽകിയിട്ടുള്ളത്. അതേ സമയം സംസ്ഥാന തലത്തിൽ സാഹസിക ടൂറിസം പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ തയ്യാറായി കഴിഞ്ഞു. ഇതോടൊപ്പം തന്നെ സാഹസിക ടൂറിസം മേഖലയിൽ രജിസ്ട്രേഷൻ സമ്പ്രദായം നടപ്പിലാക്കുന്നതിനാവശ്യമായ നടപടികളും ഗവണ്മെന്റ് സ്വീകരിച്ചു കഴിഞ്ഞു. അത് ഉടൻ തന്നെ സാഹസിക ടൂറിസം മേഖലയിൽ നടപ്പിൽ വരുന്നതാണ്. |
| (സി) | ടൂറിസം വകുപ്പിന്റെ കീഴിൽ സാഹസിക ടൂറിസം മേഖലയിൽ പരിശീലനവും കോഴ്സുകളും നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കുന്നത് പരിഗണിക്കുമോ; | (സി) | ടൂറിസം വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ & ടൂറിസം സ്റ്റഡീസ് (KITTS) സാഹസിക ടൂറിസം മേഖലയിലെ മാനവവിഭവശേഷി ഉറപ്പു വരുത്തുന്നതിനാവശ്യമായ കോഴ്സുകൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിനോദസഞ്ചാര വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (KATPS) അതേ ലക്ഷ്യത്തോടെ സമഗ്രമായ രീതിയിലുള്ള ഒരു "അഡ്വഞ്ചർ ടൂറിസം അക്കാദമി" സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങി. ഇതിലേക്കായി തിരുവനന്തപുരം ജില്ലയിലെ ശാസ്താംപാറയിൽ അനിയോജ്യമായ സ്ഥലം കണ്ടെത്തി ക്കഴിഞ്ഞു. പ്രസ്തുത സ്ഥലം നിലവിൽ |

| | | | |
|---|---|---|---|
| | | | പഞ്ചായത്തിന്റെ കീഴിൽ ആയതിനാൽ സ്ഥലം ലഭ്യമാകുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് അക്കാദമി സ്ഥാപിക്കുന്നതിനുള്ള തുടർ നടപടികൾ കൈകൊള്ളുന്നതാണ്. |
| (ഡി) | സാഹസിക ടൂറിസം മേഖലയിൽ സുരക്ഷിതത്വത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്. സാഹസിക ടൂറിസം മേഖലയിലെ സുരക്ഷതത്വത്തിന് ഈ ഗവണ്മെന്റ് പ്രാധാന്യം നൽകുന്നു. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് "കേരള അഡ്വഞ്ചർ ആന്റ് ആക്ടിവിറ്റി ബെയ്സ്ഡ് ടൂറിസം സേഫ്റ്റി ആന്റ് സെക്യൂരിറ്റി ഗൈഡ് ലൈൻസ്" അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**